LIBRARY ARCHIVES Kerala Legislative Assembly

വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും വികസനം

242 (1947) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഉന്നമനത്തിനുള്ള കേന്ദ്ര സഹായ പദ്ധതികൾക്കായി 2014-15 സംസ്ഥാന ബഡ്ജറ്റിൽ നീക്കിവച്ചിരുന്ന 14.07 കോടി രൂപയിൽ എത്ര തുക ഇതുവരെ ചെലവഴിച്ചു ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ കേന്ദ്രത്തിലും എന്തെല്ലാം പ്രവൃത്തികൾ നടത്താനാണ് ഉദ്ദേശിച്ചിരുന്നത് ; ആയതിൽ എന്തെല്ലാം നടപ്പിലാക്കിയെന്നും ഇനി എന്തെല്ലാം നടപ്പിലാക്കാനുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വന്യമൃഗ സംരക്ഷണകേന്ദ്രങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഉന്നമനത്തിനുള്ള പദ്ധതികൾക്കായി 2014-15 സാമ്പത്തിക വർഷം 14.07 കോടി രൂപ വീതം സംസ്ഥാന വിഹിതമായും കേന്ദ്ര വിഹിതമായും നീക്കിവച്ചിരുന്നു. മേൽ പദ്ധതികളുമായി ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു :

കേന്ദ്ര ധനസഹായം ലഭിച്ചത്	3.84 കോടി രൂപ
ചെലവായ തുക	3.75 കോടി രൂപ
സംസ്ഥാന ധനസഹായം ലഭിച്ചത്	14.07 കോടി രൂപ
ചെലവായ തുക	13.78 കോടി രൂപ'

(ബി) പ്രസ്തുത തുക വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളുടേയും ദേശീയോദ്യാനങ്ങളുടെയും സുഗമമായ നടത്തിപ്പിനായി ദൈനംദിന പ്രവർത്തനങ്ങൾക്കും സംരക്ഷണ പ്രവർത്തനങ്ങൾക്കുമാണ് വിനിയോഗിച്ചിട്ടുള്ളത്. ഓരോ കേന്ദ്രത്തിലും നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.